# പരിശുദ്ധാത്മാവിലെ സന്തോഷം

**റോമർ 14:17**

**"ദൈവരാജ്യം ഭക്ഷണവും പാനിയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ."**

ലോകമനുഷ്യർ ഒരു വ്യക്തിയെ അനുഗ്രഹിക്കപ്പെട്ടവനായി കണക്കാക്കുന്നത് അവന്റെ ഭൗതിക നന്മകളുടെ അടിസ്ഥാനത്തിലാണല്ലോ. എന്നാൽ ദൈവമക്കളുടെ അനുഗ്രഹം ഭൗതികമായതിനെക്കാൾ ഉപരി ആത്മീകമായിട്ടുള്ളതാണ്. ധാരാളം സമ്പത്തും വലിയ വീടും സമൂഹത്തിൽ ഉന്നത സ്ഥാനവുമൊക്കെയുള്ള ജീവിതമാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഇന്നത്തെ ലോകം അതിനുവേണ്ടി മാത്രമുള്ള ഒരു ഓട്ടപ്പാച്ചിലിലാണല്ലോ ആയിരിക്കുന്നത്. എന്നാൽ എത്ര സമ്പത്തുണ്ടെങ്കിലും അവരുടെ ഹൃദയങ്ങളിൽ പൂർണ്ണമായ സമാധാനം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ളത് സംശയം ജനിപ്പിക്കുന്ന ഒരു വസ്തുതയാണ്.

നമ്മുടെ കർത്താവ് സമാധാനപ്രഭു ആകുന്നുവല്ലോ. അവിടുന്നു തരുന്ന സമാധാനവും സന്തോഷവും അനുഭവിക്കാൻ വിളിക്കപ്പെട്ട ദൈവമക്കളാകുന്നു യഥാർത്ഥത്തിലുള്ള സമ്പന്നന്മാർ എന്നുതന്നെ നമുക്കു പറയാം. ഒരുപക്ഷേ ദൈവവിളി കേട്ട് ഇറങ്ങിയ നമ്മുടെ ജീവിതത്തിൽ മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ അവർക്കുള്ളതുപോലെ മോടികൂടിയ ജീവിത സാഹചര്യങ്ങൾ ഒന്നുംതന്നെ ഉണ്ടാവില്ലായിരിക്കാം. എന്നാൽ അവർക്കില്ലാത്ത ഒരു വലിയ ദൈവിക സമാധാനം നമ്മുടെ ഉള്ളത്തിൽ കർത്താവ് തന്നിട്ടുണ്ടെന്നുള്ള വാസ്തവം നാം മറന്നു പോകരുത്.

**മത്തായി 6:33** ഇപ്രകാരം പറയുന്നു: **"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും."** ദൈവഹിതത്തിനായി നമ്മെത്തന്നെ പൂർണ്ണമായി ഏല്പിച്ചു കൊടുക്കുവാൻ നമുക്കു കഴിയുമെങ്കിൽ പരിശുദ്ധാത്മാവിന്റെ സന്തോഷം പ്രാപിക്കുവാനും കഴിയും. ലോകത്തിന്റെ മോഹങ്ങളിൽ വീണുപോകാതെ മനസ്സു പുതുക്കി രൂപാന്തരപ്പെട്ട് ദൈവേഷ്ടം ചെയ്ത് ജീവിക്കുവാൻ നമുക്ക് കഴിയണം. ദൈവം തന്നിട്ടുള്ളതായ സകല ദാനങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് നാം ആയിരിക്കുന്നുവെങ്കിൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളെയും നിനവുകളെയും കാത്തു സൂക്ഷിച്ചുകൊള്ളും. ഇപ്രകാരമുള്ള ഒരവസ്ഥയിലാണോ നാം ആയിരിക്കുന്നത് എന്ന് നമുക്ക് ഒന്നു പരിശോധിച്ചു നോക്കാം. നമ്മുടെ ആവശ്യങ്ങൾ നാം ചോദിക്കും മുമ്പേ അറിയുന്നവനാണല്ലോ നമ്മുടെ ദൈവം. അവിടുന്ന് നമുക്കായി കരുതുന്നവനാകയാൽ സകല ചിന്താകുലങ്ങളും

കർത്താവിന്റെ സന്നിധിയിലേക്ക് വിട്ടുകൊടുത്ത് നാം ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ ഇടയാകണം.

‘സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളാലും ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്നു’ എന്നുള്ള വചനം നാം മറന്നു പോകരുത്. മക്കൾ എങ്കിൽ നാം അവകാശികളുമാകുന്നു. ഈ അവകാശത്തിലേക്ക് വിളിച്ചു ചേർക്കപ്പെട്ട എല്ലാ ദൈവമക്കളെയും പരിശുദ്ധാത്മാവാകുന്ന ദൈവം സന്തോഷത്തോടെ സമാധാനത്തോടെ  കാത്തു പരിപാലിക്കുമാറാകട്ടെ.

പരാമർശം :
**സങ്കീർത്തനങ്ങൾ 4:7**
‘ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ, എന്നെ നിർഭയം വസിക്കുമാറാക്കുന്നത്.’

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 023